I/46958/2023

<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: നിപുൺ ജോസഫ്)**

വിഷയം :- ഡിഇഎസ്- ജീവനക്കാര്യം- ഡ്രൈവർ തസ്തികയിലുള്ള ജീവനക്കാർക്ക് റേഷ്യോ മുഖേനയുള്ള പ്രൊമോഷൻ നൽകിയ ഉത്തരവ് ഭേദഗതി ചെയ്തും ഡ്രൈവർ ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) 07/02/2023 ലെ ഡി ഇ എസ്/2316/2022-ജി ആർ സി നമ്പർ സീനിയോറിറ്റി ലിസ്റ്റ്.
2) 10/02/2021 ലെ ജി ഒ (പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3) 19/10/2017 ലെ ജി ഒ (പി) 515/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4) ഈ ഓഫീസിലെ 09/06/2023 ലെ ഇതേ നമ്പർ ഉത്തരവ്.
5) ഈ ഓഫീസിലെ 30/11/2023 ലെ ഡി ഇ എസ്/2932/2023- ഇ ബി 3 നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ:ഡിഇഎസ്/1030/2023- ഇ ബി 3; തീയതി: 07-12-2023</u>

ഈ വകുപ്പിലെ ഡ്രൈവർ തസ്തികയിലുള്ള ജീവനക്കാർക്ക് പരാമർശം (2) ൽ പരാമർശിച്ചിട്ടുള്ളതനുസരിച്ച് റേഷ്യോ മുഖേനയുള്ള പ്രൊമോഷൻ നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഡ്രൈവർ ഗ്രേഡ് I ലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ. പ്രവീൺ കെ.ഡി , ഡ്രൈവർ ഗ്രേഡ് II ഒരു വർഷത്തേക്ക് സ്ഥാനക്കയറ്റം താൽക്കാലികമായി ഉപേക്ഷിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (4) ഉത്തരവിലെ ശ്രീ. പ്രവീൺ കെ.ഡി , ഡ്രൈവർ ഗ്രേഡ് II-ന്റെ ഡ്രൈവർ ഗ്രേഡ് I-ലേക്കുള്ള ഉദ്യോഗക്കയറ്റം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഡ്രൈവർ ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയ താഴെപ്പറയുന്ന ജീവനക്കാരുടെ പ്രാബല്യത്തീയതി ഭേദഗതി ചെയ്തു കൊണ്ടും ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമനമ്പർ | പേരും നിലവിലെ തസ്തികയും ഓഫീസും | ഉദ്യോഗക്കയറ്റം നൽകി നിയമിച്ച തസ്തികയും ഓഫീസും | ശമ്പള നിരക്ക് | ഉദ്യോഗക്കയറ്റം പ്രാബല്യത്തിൽ വരുന്ന തിയ്യതി |
|---|---|---|---|---|
| 1 | ശ്രീ. ശരത് കുമാർ എസ്.<br>ഡ്രൈവർ ഗ്രേഡ് II<br>സാമ്പത്തിക സ്ഥിതിവിവര | ഡ്രൈവർ ഗ്രേഡ് I<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസ് | 27900-63700 | 01/02/2023 |

I/46958/2023

| | | | | |
|---|---|---|---|---|
| | ക്കണക്ക് ജില്ലാ ഓഫീസ്, ത ിരുവനന്തപുരം. | , തിരുവനന്തപുരം. | | |
| 2 | ശ്രീ. റൊണാൾഡ് ആർ. ഡ്രൈവർ ഗ്രേഡ് II സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് ജില്ലാ ഓഫീസ്, പ ാലക്കാട്. | ഡ്രൈവർ ഗ്രേഡ് I സാമ്പത്തിക സ്ഥിതിവിവ രക്കണക്ക് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | 27900-63700 | 01/03/2023 |

ഈ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ വന്ന ഒഴിവിന് അനുസൃതമായി പരാമർശം (2) സർക്കാർ ഉത്തരവിലെ അനുപാത പ്രകാരം ഡ്രൈവർ ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിക്കൊണ്ട് ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും ഓഫീസും | ഉദ്യോഗക്കയറ്റം നൽകി നിയമിച്ച തസ്തികയും ഓ ഫീസും | ശമ്പള നിരക്ക് | ഉദ്യോഗക്കയ റ്റം പ്രാബല്യത് തിൽ വരുന്ന തിയ്യതി |
|---|---|---|---|---|
| 1 | ശ്രീ. സാബു എ. (പെൻ : 900 410) ഡ്രൈവർ ഗ്രേഡ് II സാമ്പത്തിക സ്ഥിതിവിവരക്ക ണക്ക് ജില്ലാ ഓഫീസ്, കൊല്ല ം. | ഡ്രൈവർ ഗ്രേഡ് I സാമ്പത്തിക സ്ഥിതിവി വരക്കണക്ക് ജില്ലാ ഓ ഫീസ്, കൊല്ലം.. | 27900-63700 | 01/05/2023 |

കൂടാതെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കൊല്ലം ജില്ലാ ഓഫീസിലെ ഡ്രൈവർ ഗ്രേഡ് II തസ്തിക ഡ്രൈവർ ഗ്രേഡ് I തസ്തികയായി അപ്ഗ്രേഡ് ചെയ്തു കൊണ്ടും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ഓഫീസിലെ ഡ്രൈവർ ഗ്രേഡ് I തസ്തിക ഡ്രൈവർ ഗ്രേഡ് II തസ്തികയായി ഡൗൺഗ്രേഡ് ചെയ്ത് കൊണ്ടും ഉത്തരവാകുന്നു. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമ്പത്തികാനുകൂല്യം നൽകുന്നതിനും ഉത്തരവാകുന്നു.

Signed by
Nipun Joseph
Date: 07-12-2023 15:20:35
NIPUN JOSEPH
SENIOR ADMINISTRATIVE OFFICER

പകർപ്പ് : - 1) ഡയറക്ടറുടെ സി.എ.

2) ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കൊല്ലം/വയനാട്

3) ഗ്രഡേഷൻ സെൽ

4) ഫയൽ/കരുതൽ ഫയൽ